(സി) ഭൂരഹിത ആദിവാസികൾക്ക് വനഭൂമി അനുവദിക്കേണ്ടത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ അപേക്ഷിക്കുകയുണ്ടായോ ;

(ഡി) വനഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രം എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്തിന് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഇ) അവ പാലിക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഏത് തീയതിക്കകം ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏതെങ്കിലും പ്രത്യേക തീയതിക്കുള്ളിൽ ഭൂമി പതിച്ച് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇപ്പോഴത്തെ കണക്കനുസരിച്ച് 19157 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) വനഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) ഇതിൽ നെറ്റ് പ്രസന്റ് വാല്യൂ നൽകണമെന്ന് ഒഴികെയുള്ള നിബന്ധനകൾ പാലിക്കുന്നതിന് കേരള സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെറ്റ് പ്രസന്റ് വാല്യൂ നൽകണമെന്ന നിബന്ധന ഒഴിവാക്കി കിട്ടുന്നതിന് ശ്രമം നടത്തിവരുന്നു.

(എഫ്) വിതരണയോഗ്യമായ ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ചാണ് ഭൂമി വിതരണം നടന്നുവരുന്നത്. ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശാരി എസ്. നായർ മരണപ്പെടുവാനുണ്ടായ കാരണം

87 [862] ശ്രീ. രാജു എബ്രഹാം :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. പി. സി. ജോർജ്ജ് :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിരൂർ സ്ത്രീ പീഡനത്തിനിരയായ ശാരി എസ്. നായരുടെ മരണത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് രീതിയിലുള്ള അന്വേഷണമാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരണപ്പെട്ട ശാരി എസ്. നായരുടെ ശരീരത്തിൽ വൻതോതിൽ ചെമ്പിന്റെ അംശം കണ്ടതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ചെമ്പിന്റെ അംശം ശരീരത്തിൽ പ്രവേശിക്കാനുണ്ടായ കാരണം വെളിപ്പെടുത്തുമോ;

(സി) ശാരി എസ്. നായർ മരണപ്പെടാനുണ്ടായ കാരണങ്ങൾ എന്താണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കുമരകം പി. എസ്. ക്രൈം 188/04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് ടി കേസ് എറണാകുളം റേഞ്ച് ഡി.ഐ.ജി.യുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേസ് സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ട്.

(ബി) രാസപരിശോധനാ ഫലത്തിൽ ശാരി എസ്. നായരുടെ ശരീരത്തിൽ ചെമ്പിന്റെ അംശം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ മൊഴിയിൽ ഇതിനു കാരണം മാനസിക സമ്മർദ്ദമാണ് എന്ന് അറിവായിട്ടുണ്ട്.

(സി) സെപ്റ്റിസീമിയ കാരണം മരണപ്പെട്ടു എന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്.

ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം

88 [863] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. എ. ചന്ദ്രൻ :
,, ഡി. സുഗതൻ :
ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുവാനുള്ള പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നാരംഭിച്ചുവെന്നും എന്നേക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ ;

(സി) ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി എത്ര തുക ചെലവായി ;

(ഡി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിച്ച ചെലവെത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്താമോ ?

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly